# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ്പദ്ധതി
# സോഷ്യൽ ഓഡിറ്റ്പ്പോർട്ട്

### പാലക്കാട്ടില്ല
### ആലത്തൂർബ്ലോക്ക്
### ആലത്ത്തൂർ പഞ്ചായത്ത്
### സോഷ്യൽ ഓഡിറ്റ് പീരീഡ് 11.10.19 to 26.10.19


റിപ്പോർട്ട്തയ്യാറാക്കിയത്

ശരത് രാജ് ആർ

ശ്രീദിവ്യ എസ്

ദിവ്യ വിനോദ്കുമാർ

അനിത കെ

ആതിര എം

ആലത്തൂർ പഞ്ചായത്ത് vrp


**വാര്ഡ് 10 ആലത്ത്തൂർ**

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം


# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)


## 2018-19


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | **ഉള്ളടക്കം** | 2 |
| 3 | ഭൂപടം | 3 |
| 4 | ആമുഖം | 4 |
| 5 | രീതിശാസ്ത്രം | 5 |
| 6 | പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ | 6 |
| 7 | വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം | 6 |
| 8 | തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം | 7 |
| 9 | ഓഡിറ്റ് നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് | 7 |
| 10 | അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ | 9 |
| 11 | 7രജിസ്റ്റർ പരിശോധന | 12 |
| 12 | പ്രവർത്തി ഫയലിലെ 22 രേഖകൾ | 13 |
| 13 | പ്രവർത്തികളുടെപരിശോധനവിവരണം | 19 |
| 14 | CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | 25 |
| 15 | റോസ്ഗാർദിനം | 25 |
| 16 | വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി | 26 |
| 17 | ഗ്രാമസഭ തീരുമാനങ്ങള് നിർദ്ദേശങ്ങൾ | 27 |
| 18 | ഉപസംഗ്രഹം | 28 |
| 18 | അനുബന്ധം- തൊഴിലുറപ്പ് പദ്ധതിയില് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികള് | 28 |
| 19 | അനുബന്ധം2 വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതല | 29 |


## <u>ഭൂപടം</u>

# ആലത്തൂർ പഞ്ചായത്ത്




**വാർഡ് മാപ്പ്**

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻ്റെ ലക്ഷ്യമാണ്.

## സവിശേഷതകൾ

- നിയമത്തിൻ്റെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും

കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നുസംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനപങ്കാളിത്തആണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, വേദി എന്നിവ നിശ്ചയിച്ച 5 ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം പദ്ധതി ആസൂത്രണ്ണം. നിർവഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 31 1 2017 നിലവിൽവന്നു

## 1.രീതിശാസ്ത്രം

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെർസൺ പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. **ഓഡിറ്റ് പ്ലാൻ**

    1.1 ഓഡിറ്റ് പ്ലാൻ തയ്യാറാക്കൽ

    1.2 ഓഫീസ് സന്ദർശന പരിപാടികൾ

2. **അഭിമുഖം**

    2.1 ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്

    2.2 മേറ്റ്, തൊഴിലാളികൾ, കർഷകർ, തൊഴിലിന് പോകാത്ത തൊഴിൽ കാർഡ് ഉടമകൾ

3. **ഫയൽ പരിശോധന**

    3.1 പൊതു പ്രവർത്തികൾ, വ്യക്തിഗത പ്രവർത്തികൾ

    3.2 രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത

4. **ഫീൽഡ് സന്ദർശനം, നിരീക്ഷണം**

    4.1 പൂർത്തിയായ തൊഴിലിടം, നടന്നുകൊണ്ടിരിക്കുന്ന തൊഴിലിടം

5. **റഫറൻസ്**

    5.1 വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ

6. **വിവരങ്ങളുടെ ക്രോഡീകരണം**

    6.1 ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച

7. **കരട് റിപ്പോർട്ട് തയ്യാറാക്കൽ**

## 2.പഞ്ചായത്ത്അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1 | ജില്ല | പാലക്കാട് |
| 2 | ബ്ലോക്ക് | ആലത്തൂർ |
| 3 | അതിരുകൾ | |
| | കിഴക്ക് | എരിമയൂര് പഞ്ചായത്ത് |
| | പടിഞ്ഞാറ് | കാവശ്ശേരി പഞ്ചായത്ത് |
| | തെക്ക് | വടക്കഞ്ചേരി മേലാർകോട് പഞ്ചായത്തുകൾ |
| | വടക്ക് | കുത്തന്നൂര് പഞ്ചായത്തുകള് |
| 4 | വിസ്തീർണം | 19.62ച. കി. മി |
| 5 | വാർഡ്കളുടെഎണ്ണം | 16 |
| 6 | ജനസംഖ്യ | 24796 |
| 7 | സ്ത്രീകള് | 13030 |
| 8 | പുരുഷന്മാര് | 11766 |
| 9 | പട്ടികജാതി ജനസംഖ്യ | 2785 |
| 10 | സാക്ഷരത | 92ശതമാനം |

## 3.വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം

| | | |
|---|---|---|
| 1 | അതിരുകൾ | |
| 1.1 | വടക്ക് | ഗാന്ധി ജംഗ്ഷൻ, കുന്നക്കാട് വാർഡുകൾ |
| 1.2 | തെക്ക് | വീഴുമല, മുടപ്പല്ലൂർ |
| 1.3 | കിഴക്ക് | പെരിങ്കുളം,തെക്കുമുറി വാർഡുകൾ |
| 1.4 | പടിഞ്ഞാറ് | കുന്നക്കാട് |
| 2 | വിസ്തീർണ്ണം | |
| 3 | ജനസംഖ്യ | |
| 3.3 | എസ്സി കുടുംബങ്ങള് എണ്ണം | |

| | | |
|---|---|---|
| 4 | വീടുകളുടെ എണ്ണം | |

## 4.തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം

| | **അടിസ്ഥാന വിവരം** | ആലത്തൂർ | വാർഡ് 10 |
|---|---|---|---|
| 1 | Total No. of Job Cards issued | 3831 | |
| 2 | Total No. of Active Job Cards | 1950 | 178 |
| 3 | Total no. of Job cards SC | 491 | |
| 4 | Persondays Generated so far | 79117 | 7939 |
| 4 | Total no. ofHHS completed 100 Days of Wage Employment | 133 | 13 |
| 5 | Total Expenditure | 2.3285cr | 1529999 |

## 5.ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വർക്ക് ഐ,ഡി | കാലയളവ് | ചിലവ് | പ്രവൃത്തി ദിനങ്ങൾ |
|---|---|---|---|---|---|
| **1** | **കൂരോട് ജലസേചന കാടക്കനാൽ സംരക്ഷണം.** | **IC/212812** | **05.10.18 to 11.10.18** | 87150 | 306 |
| **2** | **കാട്ടുശ്ശേരി പാടശേഖരം ഷിഫാനി 10/188 ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/363422** | 26.12.18 To 30.02.18 | 11105 | 33 |
| **3** | പ്രളയകടുെത്തിഇൽ തകർന്നു പ◌ോയ കട്ടുശരോ കാവിൽപ◌ൊററ മലബള്ള റ◌ോഡ് | RC/ 275069 | **22.11.2018 To 03.12.2019** | 79621 | **271** |
| **4** | **കാട്ടുശേരി പാടശേഖരം കുഞ്ഞമ്മ** എന്നിവരുടെ **ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/ 362659** | **12.12.18 To 18.12.18** | 9750 | **30** |

| | | | | | |
|---|---|---|---|---|---|
| 5 | **കൂരോടമന്ന്** പാടശഖേരം ഉഷ പാർവതി എന്നിവരുടെ ഭൂമിയി**ൽ** മണ്ണ് ജല സംരക്ഷണം | IF / 356797 | **01.11.2018 To 07.11.2018** | 9750 | **30** |
| 6 | **കൂരോടമന്ന് പാടശേഖരം സതീശൻ** എന്നിവരുടെ **ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/356794** | **08.11.2018 To 14.11.2018** | 11400 | 36 |
| 7 | **കൂരോടമന്ന്** പാടാശകേരം വി രവി എന്നിവരുടെ ഭൂമിയി**ൽ** മണ്ണ് ജല സംരക്ഷണം | IF/356773 | **01.11.2018 TO 07.11.2018** | 11400 | **36** |
| 8 | **പ്രളയക്കെടുതിയിൽ തകർന്നുപോയ വാവേലി ശ്മശാനം മൺ റോഡ്** | **RC /276852** | **14.12.2018 To 20.12.2018** | 73050 | **258** |
| 9 | **കൂരോടമന്ന് പാടശേഖരം ഗൗതമൻ കെ ഡി എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF /356777** | **01.11.2018 To 07.11.2018** | 9750 | **30** |
| 10 | **കൂരോടമന്ന് പാടശേഖരം കുഞ്ചൻ കെ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/356903** | **01.11.2018 To 07.11.2018** | 9750 | **30** |
| 11 | **കാട്ടുശ്ശേരി LP സ്കൂൾ കോമ്പൗണ്ട് മണ്ണ് ജല സംരക്ഷണം** | **LD/231546** | **14.12.2018 To 20.12.2018** | 15925 | **47** |
| 12 | **കാട്ടുശ്ശേരി പാടശേഖരം ഷണ്മുഖൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം** | **IF/363265** | **26.12.2018 To 30.12.2018** | 8100 | **24** |
| 13 | **വാനൂർ നീർത്തടത്തിൽ മൺകയ്യാല നിർമ്മാണം** | **WC /298185** | **13.10.2018 To 19.10.2018** | 169897 | **579** |

| | | | | | |
|---|---|---|---|---|---|
| **14** | **കാട്ടുശ്ശേരി പൊതുഭൂമി /ഫോറെസ്റ്റ് ഏരിയയിൽ ഫയർ ലൈൻ കട്ടിങ് കല്ലുകയ്യാല.** | **LD0/231570** | **11.02.2019 To 17.02.2019** | 302000 | **1253** |
| **15** | **വെള്ളാട്ട് കിഴക്കുംപുറം റോഡ് കോൺക്രീറ്റ്** | **RC /273160** | **27.12.2018 To 31.12.2018** | 382049 | **118+5** |

# 6.അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.

1. സൗജന്യമായി തൊഴിൽകാർഡ് ലഭിക്കുവാൻഉള്ളഅവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, വാർഷിക മാസ്റ്റർ സർക്കുലർഅദ്ധ്യായം-3
2. അപേക്ഷിച്ച് 15ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുള്ളഅവകാശവുംആയത്തിന്റെ കൈപ്പറ്റു റസീതു ലഭിക്കുന്നതിനുംഉള്ളഅവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13
3. അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ളഅവകാശംആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ്പ്രോജക്റ്റ്തയ്യാറാക്കുവാനുള്ളഅവകാശം
5. അഞ്ച്കിലോമീറ്ററിനുള്ളിൽതൊഴിൽലഭിക്കാനുള്ളഅവകാശംഅല്ലെങ്കിൽവേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ളഅവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷസൗകര്യംഇവലഭിക്കുന്നതിനുള്ളഅവകാശംഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽവേതനംലഭിക്കുന്നതിനുള്ളഅവകാശം

8. വേതനവിതരണത്തിലെകാലതാമസത്തിന് നഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം
9. സമയബന്ധിതമായുള്ളപരാതിപരിഹാരത്തിനുള്ളഅവകാശം
10. സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം

സോഷ്യൽ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു വെന്നും വിലയിരുത്തുന്നു

.അവകാശഅധിഷ്ഠിതമായ നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

തൊഴിൽ കാർഡ് ലഭ്യമാകുന്നത് സംബന്ധിച്ചു

- തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 2 പാര 1 അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് കേന്ദ്ര സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

നിരീക്ഷണം

- 2018-19 കാലയളവില് തൊഴില് കാര്ഡിന് അപേക്ഷിച്ച എല്ലാവര്ക്കും തൊഴില് കാര്ഡ് ലഭ്യമാക്കിയിട്ടുണ്ട് . തൊഴിലാളികൾ സ്വന്തം ചെലവിലാണ് പുതിയ തൊഴിൽ കാർഡിൽ ഫോട്ടോ പതിച്ചത് എന്നും മനസിലാക്കാൻ സാധിച്ചു ഇതു അവകാശ ലംഘനമാണ്

## തൊഴിൽ ആവശ്യ പെടുന്നത് സംബന്ധിച്ച്

അപേക്ഷിച്ചു പതിനഞ്ചു ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിയ്ക്കുവാനുള്ള അവകാശം

നിരീക്ഷണം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് nregs ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീത് ലഭിക്കാറില്ല.**

.തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

- തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ആവശ്യപെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം.
- അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4

&പിന്നീടുള്ളദിവസങ്ങളിൽ 1/2)

നിരീക്ഷണം

- 15 ദിവസത്തിനകത്തുതന്നെതൊഴിൽലഭിച്ചിരുന്നു 100 തൊഴിൽ ദിനങ്ങൾക്കുള്ള അവകാശമുണ്ടായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 60 നും 80നും ഇടയിലുള്ള തൊഴിൽ ദിനങ്ങൾ മാത്രമാണ് ഈ വാർഡിലെ തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ളത്.

ജോലിസ്ഥലത്ത്,കുടിവെള്ളം,തണൽ,പ്രഥമശുശ്രൂഷകിറ്റുകൾ, എന്നിവലഭിക്കുന്നതിനുള്ള അവകാശം.

- തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കുടിവെള്ളം,തണൽ ,പ്രഥമ ശുശ്രൂഷ കിറ്റ് ,കയ്യുറ കാലുറ എന്നിവ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനം വഴി സൗജന്യ മായി തൊഴിലാളികൾക്ക് ലഭികെണ്ടാതാണ്

നിരീക്ഷണം

- നിലവിൽ കുടിവെള്ളം ലഭ്യമായിട്ടുണ്ട് പ്രഥമശുശ്രൂഷയ്ക്കുള്ള കിറ്റ് കയ്യുറ കാലുറ കഴിഞ്ഞ 6 മാസത്തെ പ്രവര്ത്തികളില് ലഭ്യമായിട്ടില്ല എന്നാണ് ഫീൽഡ് വിസിറ്റ് ചെയ്യുന്ന സമയത്ത് തൊഴിലാളികളിൽ നിന്നും മേറ്റ് മാരിൽ നിന്നും മനസിലാക്കാൻ സാധിച്ചത്. കയുറകളും കാലുറകളും മതിയായ അളവിൽ ലഭ്യമാക്കണം.

**<u>പദ്ധതി ആരംഭ മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള അവകാശം</u>**

- തൊഴിൽ ഉറപ്പു നിയമം ഷെഡ്യൂൾ ഇരുപത്തി രണ്ടു പ്രകാരം ഒരു പദ്ധതി ആരംഭിക്കുന്നത് മുൻപ് പദ്ധതി സംബന്ധിച്ച മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യ പ്പെടുത്തുന്നതിന് ബന്ധപെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാനിധ്യത്തിൽ ഏതെന്കിലും പൊതു സ്ഥലത്തോ തൊഴിലിടങ്ങളിൽ വച്ച് പദ്ധതി ആരംഭ മീറ്റിംഗ് നടത്തേണ്ടതുണ്ട്.

നിരീക്ഷണം

- നിലവിൽ വാർഡിൽ പ്രവ്ർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിങ് കൂടാറുണ്ട് എന്നാണ് തൊഴിലാളികളുമായുള്ള സംസാരത്തിലും സൈറ്റ് ഡയറി പരിശോധിച്ചപ്പോഴും മനസിലാക്കാൻ സാധിച്ചത്.

**<u>തൊഴിലിടങ്ങളിൽ ഏതെന്കിലും തരത്തിൽ ഉള്ള അപകടം സംഭവിച്ചാൽ ചികിത്സ്യക്ക് ആവശ്യമയി വരുന്ന മുഴുവൻ ചിലവുകളും തൊഴിലാളിക്ക് ലഭ്യമാക്കണം</u>**

നിരീക്ഷണം

- 10 ആം വാർഡിൽ ആർക്കും അപകടം സംഭവിച്ചതായി അറിയാൻ കഴിഞ്ഞില്ല.

**<u>പരാതി പരിഹാരം</u>**

- തൊഴിലുറപ്പ് നിയമ ഷെഡ്യൂൾ പത്തൊൻപതു പ്രകാരം സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം നിഷ്കർഷിക്കുന്നു.പദ്ധതിയുമായി ബന്ധപെട്ട പരാതികൾ ഫോൺ മുഖേന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ചും രേഖാമൂലം എഴുതി നൽകിയും ഇ മെയിൽ വഴിയും സമർപ്പിക്കാവുന്നതാണ്...
- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമാക്കണം

നിരീക്ഷണം

- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.
- മറ്റുള്ള പരാതികൾ പരാതി രജിസ്റ്റെരിൽ രേഖപ്പെടുത്തകയും പരിഹാരം കാണുകയും ചെയിതിരിക്കുന്നു

**<u>അഞ്ചുകിലോമീറ്റർചുറ്റളവിൽതൊഴിൽലഭിക്കുവാനുള്ളഅവകാശം(Schedule 2 Para 18 )</u>**

- തൊഴിലാളിയുടെതാമസസ്ഥലത്തുനിന്ന്അഞ്ച്കിലോമീറ്റർചുറ്റളവിലല്ലതൊഴിൽലഭിക്കുന്നതെങ്കിൽവേതനത്തിന്റെ 10 ശതമാനംകൂടിഅധികവേതനംലഭിക്കുന്നതിനുള്ളഅവകാശം

നിരീക്ഷണം

- ഒരേവാർഡിൽതന്നെയുള്ളപണികളാണ് തൊഴിലാളികൾ ചെയ്തു വരുന്നത്

## <u>സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം</u>

- തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന മുഴുവ്ഴ്ൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കണമെന്ന് സെക്ഷൻ 17(2) നിഷ്കർഷിക്കുന്നു
- നിയമം അനുശാസിക്കും പ്രകാരം ഉള്ള സോഷ്യൽ ഓഡിറ്റ് പ്രക്രിയ ഇതുവരെ നടന്നിട്ടില്ല.

## <u>9 .</u> രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാറിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷികേണ്ടാതാണ്

- AMC പ്രകാരമുള്ള 7രജിസ്റ്ററുകൾഉണ്ടായിരുന്നു.

## 1. തൊഴിൽ കാർഡ് രജിസ്റ്റർ

- തൊഴിൽകാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ്തൊഴിൽകാർഡ് രജിസ്റ്റർ. 2018-19 കാലയളവിൽ പഞ്ചായത്തിൽ നിന്നും പുതിയ കാര്ഡുകള് 333 എണ്ണം അനുവദിച്ചിട്ടുണ്ട്. 561പേർക്കായാണ് കാർഡ് അനുവദിച്ചിരിക്കുന്നത്

**2 ഗ്രാമസഭരജിസ്റ്റർ**

- ഓഡിറ്റിനു വിധേയമാക്കിയ .പത്താം വാർഡിലെ ഗ്രാമസഭരജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഗ്രാമസഭയിൽ ചർച്ച ചെയ്തു തീരുമാനിച്ചതായി കാണുവാൻ സാധിച്ചു .

**3 ഡിമാൻഡ്അലോക്കേഷൻ/വേതനരജിസ്റ്റർ**

- **പരിശോധിച്ചതിൽ ഡിമാൻഡ് കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് nregs ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് .**

**4.വർക്ക് രജിസ്റ്റർ:**

- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- **2018 19 കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ ഉണ്ട് എം. ഐ. എസ് ഇൽ നിന്നും ഡൗൺലോഡ് ചെയ്തു സൂക്ഷിച്ചി**രിക്കുന്നു

**5 ആസ്തിരജിസ്റ്റർ: (**സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

- 2019 ജനുവരി മാസം വരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികളുടെ പേരും വിവരങ്ങളും നല്ല രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**6 പരാതി രജിസ്റ്റർ:**

- പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല.

**മെറ്റീരിയൽരജിസ്റ്റർ :**

- **മെറ്റീരിയൽരജിസ്റ്റർപരിശോധിച്ചതിൽകഴിഞ്ഞവർഷംമെറ്റീരിയൽ ഉപയോഗിച്ച്ചെയ്യുവാൻസാധിച്ചിരിക്കുന്ന.പ്രവൃത്തികളുടെ മെറ്റീരിയൽ വിവരങ്ങൾ മെറ്റീരിയൽരജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.**

## 9.2പ്രവൃത്തി ഫയലിലെ 22 രേഖകൾ

വാർഷിക മാസ്റ്റർ സർകുലർ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്

### 1.കവർപേജ്

പരിശോധിച്ച5ഫയലുകളിൽ വാർഷിക മാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്ക്കാണാൻ സാധിച്ചു. Geotag asset ID, TA/JE/BFT യുടെ പേരും കാണാൻ സാധിച്ചില്ല.

### 2.ചെക്ലിസ്റ്റ്

- വർക്ക്ഫയലിൽസൂക്ഷിച്ചിരിക്കുന്നവിവരങ്ങളുടെപട്ടികയും, അവയുടെപേജ്നമ്പറുംരേഖപ്പെടുത്തേണ്ടചെക്ക്ലിലിസ്റ്റ്ഫയലിൽസൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ 18 രേഖകളുടെ ചെക്ക് ലിസ്റ്റ് ആണ്

കാണാനായത്.  അതിലെ മുഴുവൻ രേഖകളും കാണാൻ കഴിഞ്ഞില്ല. പേജ് നമ്പരോടുകൂടിയതായിരുന്നില്ല ചെക്ക് ലിസ്റ്റ്.

**3.**ആക്ഷൻ**പ്ലാൻ**

- ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ.  കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തിതന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പിഉപകരിക്കുന്നു
- .പരിശോധിച്ച ഫയലുകളിൽ AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽപഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാനും ബൈൻഡ് ചെയ്തു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു
- ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികെണ്ടാതാണ്

## 4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്

- സാങ്കതേിക എസ്റ്റിമറേ്റ് പദ്ധതിയിൽ ഏറ്റടെുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പടെുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കതേിക എസ്റ്റിമറേ്റ് ഉണ്ടായിരിക്കണേ്ടതാണ്. ഓരോ പ്രവർത്തിക്കും എസ്റ്റിമറേിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നടേ്ടങ്ങൾ വിശദീകരിക്കുന്ന സാങ്കതേിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കണേ്ടതും സക്യെർ സോഫ്റ്റ് വയെറിലൂടെ ഓൺലനൈായി അനുമതികൾ ലഭ്യമാക്കണേ്ടതുമാണ്
  പരിശോധിച്ച ഫയലുകളില്ലാംഡീറ്റൈൽഡ്എസ്റ്റിമറേ്റ്ഉണ്ടായിരുന്നു....
  ഒരുഫയലിലുംപ്രൊജക്റ്റ്റിപ്പോർട്ട് ഉണ്ടായിരിന്നു.

**5.**ഭരണാനുമതി

- ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിപരിശോധിച്ച ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട്.ഡറേ്റോടുകൂടിയ സൈൻ ഇല്ല.

## 6.സാങ്കേതികാനുമതി

- പരിശോധിച്ച6ഫയലുകളിൽ സാങ്കതേികാനുമതി കവര്‍പ്പജ്സക്യൂറിൽ നിന്നടെുത്ത സാങ്കതേികനുമതിയുടെ കോപ്പി എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പടെ്ട ഉദ്യോഗസ്ഥരുടെ ഒപ്പ്സീൽ തീയതി മുതലായവയും കാണാൻ സാധിച്ചു. ഡറേ്റോടുകൂടിയ സൈൻ ഇല്ല.

## 7.സംയോജിതപദ്ധതി(കൺവേർജൻസ്)

**പരിശോധിച്ച വർക്കു കൾക്ക്**കൺവേർജൻസ് ബാധകമല്ല

## 8.ഡിമാൻഡ്ഫോം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് nregs ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഫ്രണ്ട് ഓഫീസിൽ നൽകി റെസിപ്റ്റ് കൈപ്പറ്റുന്ന രീതിയിലേക്കു മാറണം.**

  10ആം **വാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്ണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

## 9.വർക്ക്അലോക്കേഷൻഫോം

- തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക്അലോക്കേഷൻ ഫോം ഫയലില് കാണാന് സാധിച്ചു.

## 10.ഇമസ്റ്റർ റോൾ

- തൊഴിലാളികൾതൊഴിൽചെയ്യുന്നതീയതി, ദിവസംഉൾപ്പെടെഹാജർരേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാനരേഖയാണ് ഇമസ്റ്റർ റോൾ. ഇതിൽബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ,പഞ്ചായത്ത്സെക്രട്ടറിഎന്നിവർഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. ഇ-മസ്റ്റര് റോളുകളിൽ ബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ, പഞ്ചായത്ത്സെക്രട്ടറിഎന്നിവർ ഒപ്പും, സീലും, തിയതിയും രേഖപെടുത്തിയിട്ടുണ്ട്. .ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽദിനങ്ങൾ, .കൂലിഎന്നിവരേഖപ്പെടുത്തിയിട്ടുണ്ട്.

## 11.മെഷർമെൻറ്പുസ്തകം (M Book)

- എല്ലാഫയലുകളിലും M book ഉണ്ടായിരുന്നു.
- മെഷർമെൻറ്ബുക്കിൽ നമ്പർ പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടുണ്ട്
- മസ്റ്റെർറോൾനമ്പർ ഉണ്ട് .

- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത്ഓവർസിയർ, എൻജിനീയർ എന്നിവരുടെ ഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ട്.

**12.മെറ്റീരിയൽലിസ്റ്റ്**

- മെറ്റീരിയൽ രജിസ്റ്റർ പരിശോധിച്ചതിൽ കഴിഞ്ഞ 6 മാസത്തിൽ ഒരു പ്രവർത്തി മെറ്റീരിയൽ ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ മെറ്റീരിയൽ വിവരങ്ങൾ മെറ്റീരിയൽ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

## 13.വേജ് ലിസ്റ്റ്

- തൊഴിലാളികൾഎത്രദിവസംജോലിചെയ്തുഎന്നതിന്അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ടതുകഅതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാംകാണിച്ചുകൊണ്ട് പണം കൈമാറുന്നതയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്
- മസ്റ്റർറോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞു.

**14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ**

- ഒരുമസ്റ്റർറോൾഅവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണംഎന്ന്നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്നഎസ്റ്റിമേറ്റ്കാണിക്കുകയോചെയ്യുന്നത്നിയമവിരുദ്ധമാവുകയുംസെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക്ക് വിധേയമാവേണ്ടിവരുകയുംചെയ്യും.
- എല്ലാ ഫയലുകളിലും ഫയൽട്രാക്കിംഗ്ഫോം അഥവാ മസ്റ്ററ്റർറോൾമൂവ്മെൻറ്സ്ലിപ്പ് ഫായലുകളില് ഉണ്ടായിരുന്നു.
- ആക്ഷൻ പ്ലാനിന്റെ യൂണിക് id രേഖപ്പെടുത്തിയിട്ടില്ല.

15. മെറ്റീരിയൽവൗച്ചർബിൽ

- പരിശോധിച്ച ഒരു പ്രവൃത്തിക്ക് മെറ്റീരിയൽ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്.

**16.ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)**

- **പരിശോധിച്ച ഫയലുകളില് ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO) ഹാര്ഡ് കോപ്പി സൂക്ഷിച്ചിട്ടില്ല.**

**17. റോയൽറ്റി**

- പരിശോധനക്ക് വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

- പ്രവർത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോള്, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോള് തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു
- ഇത്തരത്തിലുള്ള ഒരു ഫോട്ടോകളും കാണാൻ സാധിച്ചില്ല.

19.**<u>ജിയോടാഗ്ഡ്ഫോട്ടോസ്</u>**

- പ്രവർത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോയോടാഗ്ഡ്ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിൽ പോലും കാണാൻ സാധിച്ചില്ല.

**<u>20പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം</u>**

- പരിശോധിച്ച ഫയലുകളിൽ പ്രവ്ർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

- എഎംസി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

- സംസ്ഥാനസർക്കാരിന്റെനിർദ്ദേശപ്രകാരംവർക്ക്ഫയലിൽസൂക്ഷിക്കേണ്ട 22 മത്തെരേഖയാണ് സൈറ്റ് ഡയറി.
- **പരിശോധിച്ച എല്ലാ ഫയലുകൾക്കും സൈറ്റ് ഡയറി ഉണ്ടായിരുന്നു.**
- സൈറ്റ്ഡയറിയുടെ കവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ളപ്രാഥമികവിവരങ്ങൾഏതൊരുവ്യക്തിക്കുംമനസ്സിലാക്കാൻപറ്റുന്നരീതിയിൽഉണ്ടാകേണ്ടതാണ്.പ്രവർത്തിആരംഭിക്കുന്നദിവസംപ്രവർത്തിഅവസാനതീയതിഎസ്റ്റിമേറ്റ്തുക,പ്രവൃത്തിദിനങ്ങൾ ,എന്നിവ കവർപേജിൽ ഉണ്ടായിരുന്നു.
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് പ്രോജക്ട്ഇനീഷ്യൽമീറ്റിങ്ങ്.ഒരുപ്രവൃത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിയെക്കുറിച്ചുള്ളവിവരങ്ങൾപങ്കുവയ്ക്കുന്നതുംഅതുപോലെഒരുപ്രവർത്തിഎങ്ങനെചെയ്യണമെന്ന്തൊഴിലാളികൾക്ക്കൃത്യമായഅവബോധംഉണ്ടാക്കിഎടുക്കുന്നതിനുംവാർഡ്മെമ്പർ, സ്റ്റാഫ് എന്നിവരുടെഅധ്യക്ഷതയിൽകൂടുന്നയോഗമാണ്പദ്ധതി

ആരംഭമീറ്റിങ്ങ്.10ആം വാർഡിൽ പണികൾ തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിംഗ് നടന്നിട്ടുണ്ട്.

- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് വിജിലൻസ്ആൻഡ്മോണിറ്ററി കമ്മിറ്റി യുടെറിപ്പോർട്ട്ഉണ്ടായിരുന്നെങ്കിലുംഅഭിപ്രായങ്ങൾരേഖപ്പെടുത്തിയിട്ടുണ്ടയിരുന്നില്ല.ഓരോവാർഡിലെപ്രവർത്തനങ്ങളെനിരീക്ഷിക്കുന്നതിനുംകൂടുതൽമെച്ചപ്പെടുത്തുന്നതിനുമായികാര്യക്ഷമമായപ്രവർത്തിക്കേണ്ടവരുമാണ് വി.എം.സിയിൽഅംഗങ്ങൾആയിരിക്കേണ്ടത്.
- സൈറ്റ് ഡയറി മറ്റൊരു ഒരു ഭാഗമാണ് സന്ദർശകകുറിപ്പ്:
- പ്രവൃത്തിയുടെഓരോഘട്ടങ്ങളിലുള്ളപുരോഗതിവിലയിരുത്തുന്നതിനും, തൊഴിലാളികളുടെപ്രശ്നങ്ങൾമനസ്സിലാക്കുന്നതിനും, പദ്ധതിനിർവഹണഏജൻസിയുടെഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, VMC അംഗങ്ങൾഎന്നിവർപ്രവൃത്തിനടക്കുമ്പോൾസ്ഥലസന്ദർശനംനടത്തേണ്ടതാണ്. സൈറ്റ്ഡയറികളിൽ, ഒരാളുടെ ഒപ്പ് മാത്രമേ കൂടുതൽ കാണാൻ കഴിഞ്ഞുള്ളു
- സൈറ്റ് ഡയറി യിൽ ഉണ്ടായിരികേണ്ട മറ്റൊരു പ്രധാനപെട്ട ഭാഗമാണ് തൊഴിലാളികളുടെസാക്ഷിപത്രം ,മസ്റ്റർറോളിൽഒപ്പുവെച്ചതൊഴിലാളികൾപ്രവൃത്തിചെയ്തു എന്നും, മേറ്റ്മേൽനോട്ടംവഹിച്ചുഎന്നുംതെളിയിക്കുന്ന ആധികാരിക രേഖയാണ്സാക്ഷിപത്രംപരിശോധിച്ച ഫയലുകളിൽഉള്ളസൈറ്റ്ഡയറിയിൽഎല്ലാംതൊഴിലാളികൾ സാക്ഷ്യപ്പെടുത്തിയിരുന്നു.
- നിരീക്ഷണം :VMC അംഗങ്ങൾ ആയി 2 പേർ മാത്രം ആണ് കാണാൻ സാധിച്ചത് അവരുടെ പേരും ഒപ്പും കാണാൻ സാധിച്ചു.എന്നാൽ സന്ദർശക കുറിപ്പ് കാണാൻ സാധിച്ചില്ല.

## 10.പ്രവർത്തികളുടെപരിശോധനവിവരണം

| | |
|---|---|
| **1.പ്രവൃത്തിയുടെ പേര്** | **കൂരോട് ജലസേചന കാട കനാൽ സംരക്ഷണം IC/212812** |
| **എസ്റ്റിമേറ്റ് തുക** | **100000** |
| ചിലവായ തുക | **87150** |
| പ്രവർത്തി ആരംഭിച്ച തീയതി | **05.10.2018** |

പൂർത്തീകരിച്ച തീയതി **11.10.2018**

തൊഴിൽ ദിനങ്ങൾ **306**

**Mbook മേഷർ്ഴ്‌ : 4452square meter @ 4.55per square meter , 576 cubic meter @90.78/ cubic meter, 435 cubic merter@20.10/ cubic meter**

കൂരോട് ജലസേചന കനാലിൽ ഏകദേശം **2 km** നീളത്തിലും**. 75 m** വീതിയിലും കനാലിൽ പണിചെയ്തിരിക്കുന്നു മഴപെയ്ത് ചിലയിടങ്ങളിൽ മണ്ണ് കുത്തിയൊലിച്ചുപോയിരിക്കുന്നു**.** കനാലിന്റെ ഇരുവശങ്ങളിലും കാടുപിടിച്ചുകിടക്കുന്നു**. CIB** വച്ചിട്ടുണ്ട്**.**

**2.പ്രവൃത്തിയുടെ പേര്** **കാട്ടുശ്ശേരി പാടശേഖരം ഷിഫാനി 10/188 ഭൂമിയിൽ മണ്ണ് ജലസംരക്ഷണം IF/363422**

**എസ്റ്റിമേറ്റ് തുക** 12000

ചിലവായ തുക **11105**

പ്രവർത്തി ആരംഭിച്ച തീയതി **26.12.2018**

പൂർത്തീകരിച്ച തീയതി **30.02.2018**

തൊഴിൽ ദിനങ്ങൾ **33**

**Mbook മേഷർ്ഴ്‌ : 900 square meter@4.55/ square meter, 50.88 cubic meter @105.69/ cubic meter**

ഷിഫാനിയുടെ വീട്ടുവളപ്പിലുള്ള തെങ്ങുകൾക് തടം എടുത്തിരിക്കുന്നു• ചിലയിനം പച്ചക്കറികളും കിഴങ്ങുവർഗങ്ങളും കൃഷി ചെയ്തിരിക്കുന്നു ചിലവാക്കിയ തുകയോളം പവ്രർത്തി കാണാൻ കഴിഞ്ഞില്ല•വീട്ടുപറമ്പിന്റെ കുറച്ചു ഭാഗം ഇടവിളകളൊന്നുമില്ലാതെ കിടക്കുന്നു •പറമ്പിൽ പുതിയ വീട് വന്നതിനാൽ ഉപയോഗിച്ച കൂടുതൽ സ്ഥലം കാണാനായില്ല•

**3. പ്രവൃത്തിയുടെ പേര്** പ്രളയകെടുത്തിഇ**ൽ** തക**ർ**ന്നു പോയ കട്ടുശരേി കാവി**ൽ**പൊറ്റ മലബള്ള റോഡ് **RC 275069**

**എസ്റ്റിമേറ്റ് തുക** **100005**

ചിലവായ തുക 79621

പ്ര വൃത്തി ആരംഭിച്ച തീയതി 22/11/18

പൂർത്തീകരിച്ച തീയതി 3/12/2018

തൊഴിൽ ദിനങ്ങൾ **271**

**M.book മേഷർ്ഴ്‌ : 38 meter square @129.66/meter square, 294metersquare @35.77/ meter square, 1854meter square**

**@129.66/meter square.**

മലമ്പള്ള റോഡ് ഏകദേശം 110m നീളത്തിലും 3 m വീതിയിലും നിർമിച്ചിട്ടുണ്ട്. മഴപെയ്ത് മണ്ണ് കുത്തിയൊലിച്ചുപോയ രീതിയിലാണ് കാണാൻ സാധിച്ചത്. മൺറോഡ് ആണ് നിർമിച്ചിട്ടുള്ളത്. M ബുക്കിൽ പറഞ്ഞ അളവിലാണ് റോഡ് കാണാനായത്. CIB വച്ചിട്ടുണ്ട്. പ്രളയം റോഡിന് നാശം വരുത്തിയിരിക്കുന്നു.

**4.** പ്രവൃത്തിയുടെ പേര് **കാട്ടുശേരി പാടശേഖരം കുഞ്ഞമ്മ** എന്നിവരുടെ **ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF/ 362659**

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക 9750

പ്രവർത്തി ആരംഭിച്ച തീയതി 12/12/2018

പൂർത്തീകരിച്ച തീയതി 18/12/2018

തൊഴിൽ ദിനങ്ങൾ **30,**

**Mbook മേഷർമ്ന്റ് : 600 മീറ്റർ square @4.55/meter square , 52cubic meter @105.69/cubic meter**

കാട്ടുശ്ശേരി പ്രളയബാധിത പ്രദേശമാണ്. കുഞ്ഞമ്മയുടെ കൃഷിയിടം സന്ദർശിച്ചപ്പോൾ പലതരം പച്ചക്കറികൾ കൃഷി ചെയ്തിരുന്നതായി കാണാൻ കഴിഞ്ഞു. പക്ഷെ പ്രളയത്തിന്റ തീവ്രത കാരണം കൂടുതൽ വിളവുണ്ടായതായി കണ്ടില്ല. കുറെ ഭാഗം നശിച്ചുപോയിരിക്കുന്നു.

**5.** പ്രവൃത്തിയുടെ പേര് **കൂരോടമന്ന്** പാടശേഖരം ഉഷ പാർവതി എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം **IF / 356797**

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക 9750

പ്രവർത്തി ആരംഭിച്ച തീയതി 1/11/2018

പൂർത്തീകരിച്ച തീയതി 7.11.2018

തൊഴിൽ ദിനങ്ങൾ **30**

**M.book മേഷർമ്ന്റ് : 47.00cubic meter @105.69/cubic meter, 840metersquare @4.44/metersquare.**

തെങ്ങിൻതടം എടുത്തിരുന്നു. കമ്പോസ്റ്റ് കുഴി എടുത്തിട്ടുണ്ട്. നല്ലരീതിയിൽ പച്ചക്കറികൃഷി ചെയ്തിരിക്കുന്നു.മണ്ണിനെ പരമാവധി ഉപയോഗിച്ചിട്ടുണ്ട്. ഒട്ടുമിക്ക ഇനങ്ങളും കൃഷി. ചെയ്തിരിക്കുന്നു ഈ പദ്ധതി നന്നായി പ്രയോജനപ്പെടുത്തിയിരിക്കുന്നു.

**6.** പ്രവൃത്തിയുടെ **പേര്** **കൂരോടമന്ന് പാടശേഖരം സതീശൻ** എന്നിവരുടെ **ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF/356794**

എസ്റ്റിമേറ്റ് തുക 12000

ചിലവായ തുക 11400

പ്രവർത്തി ആരംഭിച്ച തീയതി 8/11/2018

പൂർത്തീകരിച്ച തീയതി 14/11/2018

തൊഴിൽ ദിനങ്ങൾ **36**

**Mbook മേഷർ്ജ് : 900meter square @4.55/metersquare, 56.34cubicmeter@105.69/cubicmeter.**

മഴക്കുഴി എടുത്തിരുന്നു എന്നാൽ വാഴവച്ച നിലയിലാണ് കാണാനായത്. പച്ചക്കറി കൃഷിക്ക് നിലമൊരുക്കിയത് കൂടുതൽ കാണാനായില്ല. മരങ്ങൾ ഉള്ള പറമ്പായിരുന്നു. കാടുപിടിച്ചുകിടക്കുന്നു. ഈ തവണ സ്വന്തമായി കൃഷി ചെയ്ത വെണ്ട, പയർ, മഞ്ഞൾ, കോവൽ മുതലായവയെ കാണാനായുള്ളു.

**7. പ്രവർത്തിയുടെ പേര്** **കൂരോടമന്ന്** പാടാശകേരം വി രവി എന്നിവരുടെ ഭൂമിയി**ൽ** മണ്ണ് ജല സംരക്ഷണം **IF/356773**

എസ്റ്റിമേറ്റ് തുക **12000**

ചിലവായ തുക 11400

പ്രവർത്തി ആരംഭിച്ച തീയതി 01/11/18

പൂർത്തീകരിച്ച തീയതി 07/11/18

തൊഴിൽ ദിനങ്ങൾ **36**

**M. Book measures: 900meter square@4.55/metersquare, 54.5cubic meter@105.69/cubicmeter**

കമ്പോസ്റ്റ് കുഴി, മഴ കുഴിയും തെങ്ങുകൾക്ക് തടമെടുത്തതായും കാണാൻ കഴിഞ്ഞു.കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്തിട്ടുണ്ട്. പദ്ധതി പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ കാർഡ് കാണാൻ കഴിഞ്ഞില്ല

**8. പ്രവൃത്തിയുടെ പേര്** **പ്രളയക്കെടുതിയിൽ തകർന്നുപോയ വാവേലി ശ്മശാനം മൺ റോഡ് RC 276852**

എസ്റ്റിമേറ്റ് തുക **100000**

ചിലവായ തുക 73050

പ്രവർത്തി ആരംഭിച്ച തീയതി 14.12.18

പൂർത്തീകരിച്ച തീയതി 20.12.18

തൊഴിൽ ദിനങ്ങൾ 258

**Mbook മേഷർഴ്സ്:1955 metersquare @35.77/meter square.**

**3.5m വീതിയിലും 150m നീളത്തിലും മണ്ണ് റോഡ് നിര്മിച്ചതായി കണ്ടു ഇരുവശങ്ങളും കാടുപിടിച്ചുകിടക്കുന്നു കടുത്തമഴയിൽ മണ്ണ് ഒലിച്ചുപോയി കുഴികൾ രൂപപ്പെട്ടിരിക്കുന്നു പ്രളയത്തിൽ മണ്ണ് റോഡ്ഡ് കേട് പാട് സംഭവിച്ചത് കാണാൻ സാധിച്ചു.ഈ റോഡ് കോൺക്രീറ്റ് റോഡ് ആക്കി മാറ്റിയാൽ ജനങ്ങൾ ക്ക് ഉപകാര മാകും എന്ന് കരുതുന്നു.**

| | |
|---|---|
| **9.** പ്രവൃത്തിയുടെ പേര് | **കൂരോടമന്ന് പാടശേഖരം ഗൗതമൻ കെ ഡി എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF 356777** |
| എസ്റ്റിമേറ്റ് തുക | **12000** |
| ചിലവായ തുക | 9750 |
| പ്രവർത്തി ആരംഭിച്ച തീയതി | 01/11/18 |
| പൂർത്തീകരിച്ച തീയതി | 07/11/18 |
| തൊഴിൽ ദിനങ്ങൾ | 30 |

**Mbook മേഷർഴ്സ്: 900metersquare@4.55/metersquare, 46.575cubicmeter@105.69/cubicmeter.**

**പച്ചക്കറി കൃഷി ചെയ്തിരിക്കുന്നു വാഴ, മറ്റു വിളകളും കൃഷി ചെയ്തിട്ടുണ്ട് ഉരുള്പൊട്ടലുണ്ടായ പ്രദേശമായതിനാൽ കുറെയെല്ലാം നശിച്ചുപോയിരിക്കുന്നു.എന്നാലും ഈ പ്രവർത്തിമൂലം പ്രദേശത്തെ കൃഷിക്ക് ഉപകാരം ഉണ്ടായത് ആയി അറിയാൻ സാധിച്ചു.**

| | |
|---|---|
| **10.** പ്രവൃത്തിയുടെ പേര് | **കൂരോടമന്ന് പാടശേഖരം കുഞ്ചൻ കെ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF356903** |
| എസ്റ്റിമേറ്റ് തുക | **12000** |
| ചിലവായ തുക | 9750 |
| പ്രവർത്തി ആരംഭിച്ച തീയതി | 01.11.18 |
| പൂർത്തീകരിച്ച തീയതി | 07.11.18 |
| തൊഴിൽ ദിനങ്ങൾ | 30 |

**Mbook മേഷർഴ്സ്: 900metersquare@4.55/metersquare, 48.90cubicmeter@105.69/cubicmeter.**

**മഴക്കുഴി എടുത്തിട്ടുണ്ട് എന്നാൽ കുഴികൾ കാണാൻ സാധിച്ചില്ല തെങ്ങിൻതടം എടുത്തിട്ടുണ്ട് പച്ചക്കറിക്കൃഷി ചെയ്തിട്ടുണ്ട് വേലികാലിൽ മണ്ണ് ഇട്ടിട്ടുണ്ട്. പുതിയ വീട് വന്നതിനാൽ കൃഷി ചെയ്ത സ്ഥലം മുഴുവനായി കാണാൻ കഴിഞ്ഞില്ല.**

| | |
|---|---|
| **11.** പ്രവൃത്തിയുടെ പേര് | **കാട്ടുശ്ശേരി LP സ്കൂൾ കോമ്പൗണ്ട് മണ്ണ് ജല സംരക്ഷണം LD231546** |

എസ്റ്റിമേറ്റ് തുക 25000

ചിലവായ തുക 15925

പ്രവർത്തി ആരംഭിച്ച തീയതി 14.12.18

പൂർത്തീകരിച്ച തീയതി 20.12.18

തൊഴിൽ ദിനങ്ങൾ 47

**Mbook മേഷർഴ്സ്: 370metersquare@35.77/metersquare.**

**ഒരു വേസ്റ്റ് കുഴി എടുത്തിട്ടുണ്ട് എന്നാൽ മുക്കാൽ ഭാഗത്തോളം മൂടിപ്പോയിരിക്കുന്നു പുല്ലു വെട്ടി വൃത്തിയാക്കി ഗ്രൗണ്ടിലെ വെള്ളം പോകുന്നതിനായി 10m നീളത്തിലും 25cm താഴ്ചയിലും ചാൽ എടുത്തിട്ടുണ്ട് വാഴക്കൃഷി ചെയ്തിട്ടുണ്ട്.പ്രളയം ബാധിച്ച പ്രദേശം ആയിട്ട് പോലും പ്രവർത്തി കൊണ്ടു ഉണ്ടാകിയ കുറെ ഭാഗം കാണാൻ സാധിച്ചു.**

**12.** പ്രവൃത്തിയുടെ പേര് **കാട്ടുശ്ശേരി പാടശേഖരം ഷണ്മുഖൻ എന്നിവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം IF363265**

എസ്റ്റിമേറ്റ് തുക 12000

ചിലവായ തുക 8100

പ്രവർത്തി ആരംഭിച്ച തീയതി 26.12.18

പൂർത്തീകരിച്ച തീയതി 30.12.18

തൊഴിൽ ദിനങ്ങൾ 24

**Mbook മേഷർഴ്സ്: 400metersquare@4.55/metersquare, 46.5cubicmeter@105.69/cubicmeter.**

**പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. മഞ്ഞളും കാണാൻ കഴിഞ്ഞു. 10 കുഴികൾ 1 m വീതിയിലും 1m നീളത്തിലും 75 cm ആഴത്തിലും ആണ് കുഴിഎടുത്തത് എന്ന് അറിയാൻ സാധിച്ചു. എല്ലാത്തിലും വാഴവച്ചതായി കാണാൻ കഴിഞ്ഞു.**

13. പ്രവൃത്തിയുടെ പേര് **വാനൂർ നീർത്തടത്തിൽ മൺകയ്യാല നിർമ്മാണം WC 298185**

എസ്റ്റിമേറ്റ് തുക 250000

ചിലവായ തുക 169897

പ്രവർത്തി ആരംഭിച്ച തീയതി 13.10.18

പൂർത്തീകരിച്ച തീയതി 19.10.18

തൊഴിൽ ദിനങ്ങൾ 579

**Mbook മേഷർഴ്സ്: 4545cubicmeter@ 35.77/cubicmeter**

**ശരാശരി 1.5m വീതിയിൽ ആണ് മൺകയ്യാല നിർമിച്ചിരിക്കുന്നു. വരമ്പുകൾ പുല്ലുനിറഞ്ഞിട്ടുണ്ട്. CIB വച്ചിട്ടുണ്ട്.ചിലയിടങ്ങളിൽ മണ്ണിളകിയിട്ടുണ്ട്.വിളവെടുപ്പ് നടക്കുന്നത്തിനാൽ മണ്ണ് കയ്യാല നടന്ന യുടെ നീളം എടുക്കാൻ കഴിഞ്ഞില്ല.**

14. പ്രവൃത്തിയുടെ പേര് **കാട്ടുശ്ശേരി പൊതുഭൂമി /ഫോറെസ്റ്റ് ഏരിയയിൽ ഫയർ ലൈൻ കട്ടിങ് കല്ലുകയ്യാല. LD231570**

**എസ്റ്റിമേറ്റ് തുക** **400000**

ചിലവായ തുക 302000

പ്രവർത്തി ആരംഭിച്ച തീയതി 11.02.19

പൂർത്തീകരിച്ച തീയതി 17.02.19

തൊഴിൽ ദിനങ്ങൾ 1253

**Mbook മേഷർമ്സ്: 5200metersquare@35.77/metersquare,153.60cubicmeter@720/cubicmeter**

കാട്ടു തീ പടരാതിരിക്കാനായി ഫയർ ലൈൻ കട്ടിങ് നിർമിച്ചിതായി അറിയാൻ കഴിഞ്ഞു.പ്രളയം ബാധിച്ച പ്രദേശം ആയിട്ട് പോലും ഫയർ ലൈൻ കട്ടിങ് കാണാൻ കഴിഞ്ഞു. സെമി സ്കിൽഡ് ,അൺ സ്കിൽഡ് വർക്കേഴ്സ് ജോലി ചെയ്തിട്ടുണ്ട്. കയ്യാലക്കു മുകളിലും കാട് പിടിച്ചിരിക്കുന്നു.കാടുപിടിച്ചു കിടക്കുന്നതിനാൽ അളവ് രേഖപ്പെടുത്താൻ കഴിഞ്ഞില്ല.

**15.** പ്രവൃത്തിയുടെ പേര് **വെള്ളാട്ട് കിഴക്കുംപുറം റോഡ് കോൺക്രീറ്റ് RC 273160**

**എസ്റ്റിമേറ്റ് തുക** **400000**

ചിലവായ തുക 382049

പ്രവർത്തി ആരംഭിച്ച തീയതി 27.12.18

പൂർത്തീകരിച്ച തീയതി 31.12.18

തൊഴിൽ ദിനങ്ങൾ 118 unskilled

5 skilled

Mbook മേഷർമ്സ്: 306metersquare @35.77/metersquare ,46.33cubicmeter @6672.41/cubicmeter.

107 meter നീളത്തിലും 3.3 meter വീതിയിലും റോഡ് നിർമിച്ചിരിക്കുന്നു.ഘനം 15cm.റോഡിന് കേടുപാടുകളൊന്നുംതന്നെ ഇല്ല. CIB വച്ചിട്ടുണ്ട്. പക്ഷെ തൊഴിൽദിനങ്ങൾ 120 എന്നെഴുതിക്കാണുന്നു.ഈ പ്രവൃത്തി മൂലം പ്രദേശത്തെ ജനങ്ങൾക്ക് വളരെ അധികം ഉപകാരം ഉള്ളതായി അറിയാൻ കഴിഞ്ഞു.

## 11.CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ്

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്. ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിർമ്മാണച്ചെലവ് വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. സിഐബി അടങ്ങുന്ന ഒരു ഫോട്ടോ വർക്ക് ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.–

പരിശോധനയ്ക്ക് വിധേയമായ തൊഴിൽ ഇടങ്ങളിൽ 10 ഇടത്ത് CIB സ്ഥാപിച്ചതായി കണ്ടിരിന്നില്ല.5 ഇടത്ത് കാണാൻ കഴിഞ്ഞു

**12.റോസ്ഗാർദിനം**

തൊഴിൽആവശ്യകതകൃത്യമായിരജിസ്റ്റർചെയ്യുന്നതിനുംതൊഴിലാളികളുടെഅർഹതകളുംഅവകാശങ്ങളും അവരെബോധ്യപ്പെടുത്തുന്നതിനുംപദ്ധതികൾപരിഹരിക്കുന്നതിനുമായിറോസ്ഗാർദിനംസംഘടിപ്പിക്കേണ്ടതാണ്.റോസ്ഗാർദിനംആചരിക്കുന്നതിനുമുൻപായിവിവരവിദ്യാഭ്യാസവ്യാപനപ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നുണ്ട്എന്ന്ജില്ലാപ്രോഗ്രാംകോഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.റോസ്ഗാർകലണ്ടർസംബന്ധിച്ച്ഗ്രാമപഞ്ചായത്തുകളെപ്രത്യേകമായിബോധവൽക്കരിക്കേണ്ടതാണ്.റോസ്ഗാർദിനംസംഘടിപ്പിക്കുന്നതിൻറെചുമതലകളുംഉത്തരവാദിത്വങ്ങളുംസംസ്ഥാനസർക്കാർജില്ലാപ്രോഗ്രാംകോഡിനേറ്റർരൂപീകരിച്ചിട്ടുള്ളപ്രതിമാസപട്ടികഅനുസരിച്ച്തന്നെറോസ്ഗാർദിനംസംഘടിപ്പിക്കുന്നുഎന്ന്ജില്ലാപ്രോഗ്രാംകോർഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്. ഈപട്ടികഗ്രാമവികസനമന്ത്രാലയവുമായുംപൊതുജനങ്ങളുമായുംപങ്കുവെക്കേണ്ടതുംഒരുമാസത്തിലൊരിക്കൽഗ്രാമപഞ്ചായത്ത്തലത്തിൽസംഘടിപ്പിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത്പ്രസിഡൻറ്നിയോഗിക്കപ്പെട്ടഗ്രാമപഞ്ചായത്തിലെഭാരവാഹിദിനാചരണത്തിൽഅധ്യക്ഷതവഹിക്കേണ്ടതാണ്.ഇത്നടത്തുന്നതിനുംനടപടിക്രമങ്ങൾരേഖപ്പെടുത്തുന്നതിനുള്ളസ്വയംസഹായസംഘങ്ങളുടെഫെഡറേഷൻഅംഗങ്ങൾഎന്നിവർക്കാണ്.

റോസ്ഗാർദിനംആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ളദിവസംനടത്തുന്നതിനായിഉദ്യോഗസ്ഥരെനിയോഗിക്കേണ്ടതാണ്.ഈയോഗത്തിൽമിനിറ്റ്സ്പൊതുജനങ്ങൾക്ക്പരിശോധിക്കുന്നതിനുംസോഷ്യൽഓഡിറ്റിനുംലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാനസർക്കാർദിനംസംഘടിപ്പിക്കുന്നതസംബന്ധിച്ചറിപ്പോർട്ടുകൾശേഖരിക്കുന്നതാണ്. സംസ്ഥാനസർക്കാർതൊഴിൽആവശ്യകതസംബന്ധിച്ച്ജില്ലാതലറിപ്പോർട്ടുകൾപതിവായിഅവലോകനംചെയ്യേണ്ടതാണ്

## 13.വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. അദ്ധ്യാപകർ അംഗനവാടി വർക്കർ സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ ഉപഭോക്തൃ സമിതികൾ യുവജന ക്ലബ്ബുകൾ പൊതു സമൂഹ സംഘടനകൾ തുടങ്ങിയവരിൽ നിന്നും VMC അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ് ഏറ്റവും കുറഞ്ഞ കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശനം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ പരിശോധന ,പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോധിക്കേണ്ടതും മൂല്യ

നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ് VMC റിപ്പോർട്ട് ഒരു പൊതു രേഖയായി കരുതേണ്ടതും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതുമാണ്.

| Sn | Name | Designation |
|---|---|---|
| 1 | ഗൗതമൻ | |

നിലവിൽ ഗൗതമൻ മാത്രമാണ് VMC യിൽ ആക്റ്റീവ് ആയി കാണുന്നത്. അഭിപ്രായങ്ങൾ കാണുന്നില്ല. VMC പുനസ്സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.

സോഷ്യല് ഓഡിറ്റ് ഗ്രാമസഭയുടെ തീരുമാനങ്ങള്

- ഫോട്ടോ പതിപ്പിച്ച തൊഴിൽ കാർഡ് സൗജന്യമായി നൽകണമെന്നും ഭരണ സമിതിയുടെ അംഗീകാരം വേണമെന്നും.
- 15 ദിവസത്തിനകം തൊഴിൽ കിട്ടിയില്ലെങ്കിൽ തൊഴിലില്ലാ വേതനത്തിന് അപേക്ഷിക്കാൻ ഫ്രണ്ട് ഓഫീസ് വഴി ഉള്ള നിർദ്ദേശം.
- തൊഴിലില്ലാ വേതനത്തിന് അപേക്ഷിക്കുന്നത് മേറ്റ് വഴി ആക്കാൻ തീരുമാനമായി.
- വേതനം വൈകിയാൽ അപേക്ഷ കൊടുക്കണം എന്നും ഫ്രണ്ട് ഓഫീസിൽ നൽകണം എന്നും തീരുമാനമായി.
- തൊഴിലാളികളുടെ പരാതി പരാതി രജിസ്ററിൽ രേഖപ്പെടുത്തണമെന്ന് തീരുമാനമായി.
- വിഎംസി അംഗങ്ങളെ പുന സംഘടിപ്പിക്കണമെന്നും തീരുമാനമെടുത്തു.
- തൊഴിൽ ചെയ്യുന്നതിന് ഇടയിൽ അപകടം സംഭവിച്ച ലക്ഷ്മി തൊഴിൽ കാർഡ് നമ്പർ 122 പരാതി കൊടുക്കാൻ തീരുമാനം ആയി.
- മേറ്റ് മാർക്ക് പഞ്ചായത്ത് അടിസ്ഥനത്തിൽ പ്രാക്ടിക്കൽ ട്രെയിനിങ് കൊടുക്കാൻ തീരുമാനം ആയി.
- തൊഴിൽ ഇടത് നടുക്കുന്ന കാര്യങ്ങൾ എല്ലാം സൈറ്റ് ഡയറി യിൽ എഴുതാൻ തീരുമാനം ആയി.
- എല്ലാ പൂർത്തീകരിച്ച പ്രവർത്തിയുടെയും ഫോട്ടോയുടെ കോപ്പി ഫയലിൽ സൂകിഷിക്കാൻ തീരുമാനം ആയി

## നിർദ്ദേശങ്ങൾ

- **തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾ ഇപ്പോൾ ചെയ്യുന്ന ജോലി വളരെ കൂടുതൽ ആണ് എന്ന് തൊഴിലാളികളും NREGS ഉദയോഗസ്ഥരും അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു sq m കാട് വെട്ടി മാറ്റാൻ 2.05, 4.55 രൂപയും.1 ക്യൂബിക് മീറ്റർ മണ്ണ് മാറ്റിയാൽ ഏകദേശം 90 രൂപയും മാത്രം ആണ് ലഭിക്കുന്നത്. ഇത് PWD നൽകുന്നതിനേക്കാൾ വളരെ അധികം കുറവാണ്. അത് പോലെ തന്നെ 60 വയസിനു മേലെ പ്രായം ആയവരാണ് തൊഴിൽ ഉറപ്പ് പണി കൂടുതൽ ആയി ചെയുന്നത്. അവർക്ക് ഈ അളവിൽ പണി എടുക്കാൻ സാങ്കേതികം ആയി സാധിക്കുകയില്ല. അതിനാൽ തൊഴിൽ ഉറപ്പ് പണിയിലെ മേൽ പറഞ്ഞ  അളവ് പുനപരിശോധിക്കുകയും വേണ്ട മാറ്റം കൊണ്ടു വരണം എന്നും തൊഴിലാളികളും NREGS ഉദ്യോഗസ്ഥരും ആവശ്യപ്പെട്ടു.**

- തൊഴിലുറപ്പുപദ്ധതിഇനിയുംവിജയകരമായിമുന്നോട്ട്കൊണ്ടുപോകുന്നതിന്ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലുംഒരുപോലെമാനദണ്ഡങ്ങൾക്കനുസൃതമായിപ്രവർത്തികൾനടപ്പിലാക്കേണ്ടതുണ്ട്. ത്തൊഴിലാളികളുംമെയ്റ്റ്മാരുംതൊഴിലുറപ്പുപദ്ധതിയിൽപ്രവർത്തിക്കുന്നസ്റ്റാഫുകളുംഅവരുടെനിയമംഅനുശാസിക്കുന്നകൃത്യമായനിർദ്ദേശങ്ങൾപാലിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ളകുറച്ചുനിർദ്ദേശങ്ങൾഅനുബന്ധമായിചേർത്തിട്ടുണ്ട്. (അനുബന്ധംകാണുക)
- ഷെഡ്യൂൾ 1ലെപാര4ൽ അനുബന്ധ പാര 2 അനുസരിച് 60 ശതമാനംപ്രവർത്തികൾആസ്തിവർദ്ധിപ്പിക്കുന്നതുംകാർഷികാനുബന്ധപ്രവൃത്തികൾആയിരിക്കാൻ ശ്രദ്ധിക്കണം.കൂടുതൽ ഭൂവികസനപ്രവർത്തികളും ആസ്തിവർധിപ്പിക്കുന്നതായും കൃഷിമെച്ചപ്പെടുത്തുന്നതായും കാണുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങൾക്കും SC, BPL, സ്ത്രീകൾ ഗൃഹനാഥയായിട്ടുള്ള വീടുകൾ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ എല്ലാവർക്കും nregs ന്റെ ഗുണം ലഭിച്ചു എന്നുറപ്പുവരുത്തിയ ശേഷം APL കുടുംബങ്ങൾക് പണി അനുവദിക്കാൻ ശ്രദ്ധിക്കണം.
- എല്ലാ ഗുണഭോക്താക്കളും തൊഴിൽ കാർഡ് ഉള്ളവരാണെന്ന് ഉറപ്പുവരുത്തണം.
- പണി ചെയ്തിട്ടുള്ള ഓരോ ഫൈലിനും ഓരോ CIB സ്ഥാപിക്കണം. മരുന്ന്, ബോർഡ് മുതലായവയുടെ ബില്ല് സൈറ്റ് ഡയറി യോടൊപ്പം ഓഫീസിൽ ഏൽപ്പിക്കണം.
- കയ്യുറയും കാലുറയും ആവശ്യമായ ജോലികൾക്കു അനുവദിക്കണം.
- ഡിമാൻഡ് ഫോം nregs ഓഫീസിൽ സ്വീകരിക്കാതെ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കണം.
- VMC പുനസംഘടിപ്പിക്കണം.
- പണിയുടെ വിവിധ ഘട്ടങ്ങളിലുള്ള CIB യോടുകൂടിയ ഫോട്ടോഗ്രഫ് ഫയലിൽ സൂക്ഷിക്കണം.
- ഫയലിൽ എല്ലാ രേഖകളും അറ്റാച്ച് ചെയ്തിരിക്കണം.
- അവകാശഅധിഷ്ഠിതമായനിയമപരിരക്ഷയോട്കൂടിയപദ്ധതിഒട്ടേറെജനങ്ങൾക്ക്ഗുണപ്രദമാകുന്നു ...

## ഉപസംഗ്രഹം

ഇനിപ്രവർത്തികൾതിരഞ്ഞെടുക്കുമ്പോൾഅതീവജാഗ്രതപുലർത്തേണ്ടതുണ്ട്. വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ കൂടുതൽ താഴെത്തട്ടിലുള്ളവരെയും പരിഗണിക്കണം. എങ്ങനെയെങ്കിലുംപ്രവർത്തികൾനടപ്പിലാക്കിചെലവ്കൂട്ടുകഎന്നുംതൊഴിലാളികൾക്ക്തൊഴിൽദിനങ്ങൾകൂട്ടുകഎന്നുംമാത്രമാവരുത്നിലപാടുകൾ.

ഈസാമൂഹികപരിശോധനഒരുഉയിർത്തെഴുന്നേൽപ്പിനുസാധ്യമാകുമെന്നപ്രത്യാശയോടെഈറിപ്പോർട്ട്സമർപ്പിക്കുന്നു.

<u>സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങളിൽ പങ്കാളികൾ ആയവർ</u>

- **വാർഡ് മെമ്പർ**
- **പഞ്ചായത്ത് ഉദ്യോഗസ്ഥർ**
- **തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥർ**
- **വാർഡിലെ തൊഴിലാളികൾ**
- **മേറ്റ് മാർ**

അനുബന്ധം- 1-

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
- നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൻ നിർമിതികൾ

**വിഭാഗം ബി**-ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

- ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.
- പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
- മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിന്കൂട് ,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.
- സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് അവിദഗ്ദ കായിക തൊഴിൽ.
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രുഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- അങ്കണവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.
- ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
- പൊതു കളിസ്ഥലങ്ങൾ
- വെള്ളപ്പൊക്കം, വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
- ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേ ഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാ വശ്യമായ

നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
- തൊഴിലുറപ്പ്പ്രകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

അനുബന്ധം 2: **വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.**

**മേറ്റ് മാരുടെ ചുമതലകൾ.**

പ്രവൃത്തി സ്ഥലങ്ങളിൽ പ്രവൃത്തിയുടെ മേൽനോട്ടം.

- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളിക

ളുമായി പങ്കുവെക്കുക

- പ്രവൃത്തി ഇടങ്ങളിൽ ആവശ്യ മായ സൌകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക
- സൈറ്റ് ഡയറിയിൽ മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം
- തൊഴിലാളികൾക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക
- പുതിയ തൊഴിൽ ഇടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .
- കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക
- തൊഴിലാളികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും കൂടുതൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**ഓവർസീയർ /എഞ്ചിനീയർ**

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതി നാവശ്യമായ നടപടികൾ ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി**

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക,

**തൊഴിലാളികളുടെ കടമകൾ.**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക

അനുബന്ധം- 3

**അളവുകളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള അഭിപ്രായങ്ങൾ :**

ആലത്തൂര് ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ കരട് റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുള്ള സമാനമായ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഇതോടൊപ്പം ചേർക്കുന്നു :

1.അളവുകൾ കൃത്യമായി പരിശോധിച്ചാൽ തൊഴിലാളികൾക്ക് 271 രൂപ കൂലി കൊടുക്കുവാൻ കഴിയില്ല.

2.ഭൂരിപക്ഷം തൊഴിലാളികളും പ്രായമുള്ളവരാണ് .ഇവർ ഒരു ദിവസം മണ്ണെടുത്തു മാറ്റുന്ന തരത്തിൽ ഉള്ള ജോലികൾക്ക് വലിയ കഷ്ടം അനുഭവിച്ചു വരുന്നുണ്ട് .

3.ഒരു ദിവസം മൂന്ന് എം ക്യൂബ് മണ്ണെടുത്ത് മാറ്റിയാൽ മാത്രമാണ് 271 രൂപ കൊടുക്കാൻ സാധിക്കുക. ഈ കണക്ക് വച്ച് നോക്കിയാൽ ഒരു തൊഴിലാളിക്ക് ഒരു ദിവസം ഒരു എം ക്യൂബ് മണ്ണ് പോലും എടുത്തു മാറ്റുന്നതിന് സാധിക്കുന്നില്ല .അങ്ങനെയാവുമ്പോൾ തൊഴിലാളികളുടെ കൂലി കുറയുവാൻ സാധ്യതയുണ്ട് .ഈ രീതി വെച്ചുകൊണ്ട് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്നത് ശരിയല്ല .

4.കൂലി മുഴുവൻ കൊടുത്തില്ലെങ്കിൽ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് സമ്മർദ്ദം ഉണ്ടാകുന്നു.

5.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ഉദ്യോഗസ്ഥരെ ആക്ഷേപിക്കുന്നത് ശരിയല്ല .

6.സംസ്ഥാന സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള റേറ്റ് പ്രകാരം തൊഴിലാളികൾക്ക് കൂലി തികച്ചു കൊടുക്കാൻ പറ്റാത്ത അവസ്ഥയുണ്ട് .

7.സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി നിരക്ക് അടിയന്തരമായി ഭേദഗതി ചെയ്യണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

**..........................................................................................................................അധ്യക്ഷ**

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ**